വിദ്യാലയങ്ങൾക്ക് പരിശീലന ഗ്രൗണ്ടുകൾ

217 (4552) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായിക പരിശീലനത്തിനും കായികമത്സരങ്ങൾ സംഘടിപ്പിക്കുന്നതിനും മിക്ക സർക്കാർ/എയ്ഡഡ് വിദ്യാലയങ്ങൾക്കും ഗ്രൗണ്ടുകൾ ഇല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് പരിഹരിക്കുവാനും കായിക താരങ്ങളെ ശരിയായ പരിശീലനം നൽകി വളർത്തിയെടുക്കാനും എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്നു പറയാമോ ;

(ബി) എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പരിധിയിലും കായിക പരിശീലനത്തിനും കായിക മേളകൾക്കും യോജിച്ച ഗ്രൗണ്ടുകളും സ്റ്റേഡിയങ്ങളും നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. കായികരംഗത്ത് അടിസ്ഥാന വികസന സൗകര്യങ്ങൾ ഒരുക്കുന്നതിനായി കായികയുവജനകാര്യ വകുപ്പ് രൂപം നൽകിയിട്ടുള്ള പദ്ധതിയായ 'സ്പെൽ' പദ്ധതിയിൽ ഉൾപ്പെടുത്തി സർക്കാർ എയ്ഡഡ് സ്കൂളുകൾക്ക് മത്സരങ്ങളുടെ നടത്തിപ്പിനും മികച്ച പരിശീലനം ഒരുക്കുന്നതിനും ഉതകുന്ന രീതിയിൽ വിവിധ അടിസ്ഥാന കായികവികസന സൗകര്യങ്ങൾ നിർമ്മിച്ച നൽകിയിട്ടുണ്ട്. ഒരു കോർട്ടിൽ തന്നെ വിവിധയിനം കളികളുടെ പരിശീലനം സാദ്ധ്യമാകുന്ന 'വിവിധോദ്ദേശ്യ കളിസ്ഥലങ്ങൾ' എന്ന പദ്ധതി സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ നടപ്പിലാക്കി വരുന്നുണ്ട്.

(ബി) വിവിധ കായിക ഇനങ്ങളുടെ പരിശീലനത്തിനായി അടിസ്ഥാന സൗകര്യങ്ങൾ കായിക യുവജനകാര്യ വകുപ്പിന്റെ 'സ്പെൽ' പദ്ധതിയിലൂടെ വിവിധ തദ്ദേശഭരണ സ്ഥാപനങ്ങളിലുൾപ്പടെ നടപ്പിലാക്കിവരുന്നുണ്ട്. ഇതു കൂടാതെ ഗ്രാമീണതലങ്ങളിൽ കായികപരിശീലനത്തിനും, കളികൾ നടത്തുന്നതിനും ആവശ്യമായ അടിസ്ഥാന സൗകര്യം ഒരുക്കി അതുവഴി യുവജനങ്ങളിലും വിദ്യാർത്ഥികളിലും സ്പോർട്സ് സംബന്ധിച്ച് ആഭിമുഖ്യം വളർത്തി, രാജ്യത്ത് കായിക അടിത്തറ വർദ്ധിപ്പിക്കുകയും കൂടുതൽ കായിക പ്രതിഭകളെ വളർത്തിയെടുക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ കേന്ദ്രയുവജനകാര്യ കായിക മന്ത്രാലയത്തിന്റെയും സംസ്ഥാന സർക്കാരിന്റെയും സഹായത്തോടെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ നടപ്പിലാക്കുന്ന ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ് "പൈക്ക്"

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

എന്നറിയപ്പെട്ടിരുന്ന പഞ്ചായത്ത് യുവ ക്രീഡാ ഓർ ഖേൽ അഭിയാൻ. 2008-2009-ൽ ആരംഭിച്ച ഈ പദ്ധതി 2016-17-നകം ഘട്ടം-ഘട്ടമായി സംസ്ഥാനത്തെ മുഴുവൻ ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളിലും വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. 2010-11, 2011-12 സാമ്പത്തിക വർഷം മുതൽ കേന്ദ്ര അംഗീകാരം ലഭിച്ച 200 ഗ്രാമപഞ്ചായത്തുകളും 28 ബ്ലോക്ക് പഞ്ചായത്തുകളും കൂടിയാകുമ്പോൾ കേരളത്തിൽ 400 ഗ്രാമപഞ്ചായത്തുകളും, 57 ബ്ലോക്ക് പഞ്ചായത്തുകളും ഇതിന്റെ ഗുണഭോക്താക്കളായിട്ടുണ്ട്. കൂടാതെ 2012-13-ൽ തെരഞ്ഞെടുത്ത 117 ഗ്രാമപഞ്ചായത്തുകളും 15 ബ്ലോക്ക് പഞ്ചായത്തുകളും കേന്ദ്രയുവജനകാര്യ കായിക മന്ത്രാലയത്തിന്റെ പരിഗണനയിലാണ്. ഈ പദ്ധതി 1-4-2014 മുതൽ രാജീവ് ഗാന്ധി ഖേൽ അഭിയാൻ (RGKA) എന്ന് നാമകരണം ചെയ്ത് കേന്ദ്രകായികയുവജനകാര്യ കായിക മന്ത്രാലയം പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഇൻഡോർ ഹാൾ/ഔട്ട് ഡോർ കളിസ്ഥല അടിസ്ഥാന സൗകര്യവികസനത്തിനായി ഒരു സെന്ററിൽ 1.60 കോടി രൂപ (80 ലക്ഷം രൂപ വീതം) അനുവദിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിനായി കുറഞ്ഞത് 6-7 ഏക്കർ കളിസ്ഥല സൗകര്യമുള്ള ബ്ലോക്ക് പഞ്ചായത്തുകൾ നിശ്ചിത ഫോറത്തിൽ അപേക്ഷ തയ്യാറാക്കി കളിസ്ഥലത്തിന്റെ രേഖകളുടെ പകർപ്പുകൾ സഹിതം RGKA ബ്ലോക്ക് ലെവൽ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തോടുകൂടി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മുഖാന്തിരം സമർപ്പിക്കപ്പെടുന്ന അപേക്ഷകൾ കേന്ദ്ര യുവജനകാര്യ കായിക മന്ത്രാലയം പരിഗണിക്കുന്നതിനായി ശിപാർശ ചെയ്യുന്നതാണ്.

ഒറ്റപ്പാലം ഫിലിം സിറ്റി

218 (T* 4553) <u>ശ്രീ. എം. ഹംസ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒറ്റപ്പാലം ഫിലിംസിറ്റി പദ്ധതിക്ക് 2011-12 ഏപ്രിൽ മുതൽ 2015 മാർച്ച് വരെ ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള തുകയെത്ര ; ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ നൽകാമോ ;

(ബി) പദ്ധതി പൂർത്തീകരിച്ചോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ; എന്ന് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ ;

(സി) പദ്ധതിയിൽ സ്വകാര്യപങ്കാളിത്തം ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ;

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു